**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ (ODF) - അട്ടപ്പാടി ട്രൈബൽ ബ്ലോക്കിൽപ്പെട്ട അഗളി, പുതൂർ, ഷോളയൂർ ഗ്രാമ പഞ്ചായത്തുകളിലെ ടോയിലറ്റ് സൗകര്യമില്ലാത്ത കുടുംബങ്ങൾക്ക് ടോയിലറ്റ് സൗകര്യം ഒരുക്കുന്നതിനുള്ള പദ്ധതി ട്രൈബൽ വനിതകളുടെ കുടുംബശ്രീ സാമൂഹ്യ സംഘടനാ സംവിധാനമായ പഞ്ചായത്ത് സമിതികൾ മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ)നം. 2664 /16/തസ്വഭവ　　　　　　തിരുവനന്തപുരം, തീയതി 09.9.2016

പരാമർശം-(1) സർക്കാർ ഉത്തരവ് (സാധാ) നം 2327/2014/തസ്വഭവ തീയതി 03.09.2014

(2) സർക്കാർ ഉത്തരവ് (സാധാ) നം 2328/2014/തസ്വഭവ തീയതി 03.09.2014

**ഉത്തരവ്**

അട്ടപ്പാടി ട്രൈബൽ ബ്ലോക്കിൽപ്പെട്ട അഗളി, പുതൂർ, ഷോളയൂർ ഗ്രാമ പഞ്ചായത്തുകളിലെ ടോയിലറ്റ് സൗകര്യമില്ലാത്ത കുടുംബങ്ങൾക്ക് ടോയിലറ്റ് സൗകര്യം (വ്യക്തിഗത ഗാർഹികടോയിലറ്റുകളും കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകളും, എക്കോസാൻ ടോയിലറ്റുകളും) ഒരുക്കുന്നതിനുള്ള പദ്ധതി പരാമർശം 1 പ്രകാരം രൂപീകരിക്കപ്പെട്ട ട്രൈബൽ വനിതകളുടെ കുടുംബശ്രീ സാമൂഹ്യ സംഘടനാ സംവിധാനമായ പഞ്ചായത്ത് സമിതികൾ മുഖേന നടപ്പിലാക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. മേൽ പരാമർശിക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകളും, ജില്ലാ ശുചിത്വ മിഷനും പ്രോജക്ടുകളുടെ ഭാഗമായ വികസന ഫണ്ട് /സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ട് എന്നിവ കുടുംബശ്രീ പഞ്ചായത്ത് സമിതികൾക്ക് കൈമാറേണ്ടതാണ്.

2. കുടുംബശ്രീ പഞ്ചായത്ത് സമിതികൾ മുഖേനയുള്ള ടോയിലറ്റ് നിർമ്മാണ നിർവ്വഹണത്തിന്റെ കമ്മ്യൂണിറ്റി മൊബിലൈസേഷൻ, ധനവിനിയോഗ മേൽ നോട്ടം, രേഖകൾ സൂക്ഷിക്കൽ, ഏകോപനം എന്നീ ഉത്തരവാദിത്വങ്ങൾ പരാമർശം 2 പ്രകാരം രൂപീകരിക്കപ്പെട്ട എൻ.ആർ.എൽ.എം. പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർക്ക് ആയിരിക്കും .

3. കോസ്റ്റ് ഇഫക്ടീവ് ആയ നിർമ്മാണ രീതികൾ അവലംബിച്ചുള്ള ടോയിലറ്റ് നിർവ്വഹണം കുടുംബശ്രീ പഞ്ചായത്ത് സമിതികൾ മുഖേന നടത്തുന്നതിന് വേണ്ട സാങ്കേതിക പിന്തുണ നൽകുന്നതിനുള്ള ചുമതല കോസ്റ്റ് ഫോർഡ് എന്ന അക്രഡിറ്റഡ് സ്ഥാപനത്തിനായിരിക്കും. കോസ്റ്റ് ഫോർഡിന് ആകെ പ്രോജക്ട് അടങ്കലിന്റെ 5.5% തുക നല്കാവുന്നതാണ്.

4. അട്ടപ്പാടി ബ്ലോക്കിന്റെ വികസന പ്രവർത്തന മേൽ നോട്ടത്തിന് പ്രത്യേക ചുമതലയുള്ള സബ്കളക്ടറെ, 100% ട്രൈബൽ കുടുംബങ്ങൾക്കും ടോയിലറ്റ് സൗകര്യം ഉറപ്പാക്കുന്ന പ്രവർത്തനത്തിന്റെ മേൽനോട്ടം നൽകുന്നതിനും ടോയിലറ്റ് നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളായ മണൽ, കല്ല്, മുള എന്നിവ കുടുംബശ്രീ പഞ്ചായത്ത് സമിതികൾക്ക് ലഭ്യമാക്കിക്കൊടുക്കുന്നതിനുള്ള പിന്തുണയും നേതൃത്വവും നൽകുന്നതിനും ചുമതലപ്പെടുത്തുന്നു.

5. പ്രോജക്ട് നിർവ്വഹണത്തിന് പൊതുപിന്തുണ നൽകൽ , ഫണ്ട് ലഭ്യത ഉറപ്പാക്കൽ, ഗ്രാമ പഞ്ചായത്തുകൾ കുടുംബശ്രീ പഞ്ചായത്ത് സമിതികൾ എന്നിവയുമായി നിരന്തരം ബന്ധപ്പെട്ട് പ്രോജക്ട് നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നതിനുള്ള ഉത്തരവാദിത്വം എന്നിവ ജില്ലാ ശുചിത്വ മിഷനായിരിക്കും.

6. പ്രോജക്ട് നിർവ്വഹണത്തിനായി ഗ്രാമ പഞ്ചായത്ത് /ജില്ലാ ശുചിത്വ മിഷൻ മുഖേന കുടുംബശ്രീ പഞ്ചായത്ത് സമിതിയ്ക്ക് ലഭ്യമാക്കുന്ന പണത്തിന്റെ ധനവിനിയോഗ സർട്ടിഫിക്കറ്റ് നൽകുക, പ്രസ്തുത ധനവിനിയോഗം സംസ്ഥാന- കേന്ദ്ര സർക്കാരിന്റെ ഓഡിറ്റിന് വിധേയമാക്കുക, അക്കൗണ്ടുകളും രേഖകളും കൃത്യമായി എഴുതി സൂക്ഷിക്കുക, അവ യഥാസ്ഥാനങ്ങൾക്ക് സമർപ്പിക്കുക എന്നീ നടപടികളുടെ ഉത്തരവാദിത്വം കുടുംബശ്രീ പഞ്ചായത്ത് സമിതിയുടെ ഔദ്യോഗിക ഭാരവാഹികളിൽ നിക്ഷിപ്തമായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

ടി. പി വിജയകുമാർ
ഗ.വ സ്പെഷ്യൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ,ശുചിത്വ മിഷൻ.
ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
കോസ്റ്റ് ഫോർഡ്, ത്രിശ്ശൂർ

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ.
എക്സിക്യൂട്ടീവ് ഡയറക്ടർ ,ഇൻഫോർമേഷൻ കേരള മിഷൻ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ